രാഷ്ട്രീയം

പ്രൊഫ. ജി എൻ പണിക്കർ



# കള്ളവോട്ട്, ലോഹ്യം, പീഡനം, അവാർഡുകൾ

**കള്ളവോട്ടിന് പുതിയ തന്ത്രങ്ങൾ**

കണ്ണൂർ, എറണാകുളം, ആലപ്പുഴ നിയമസഭാ നിയോജക മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പാണ് ഇപ്പോൾ കേരളത്തിലുടനീളം ചർച്ചാവിഷയം. എല്ലാ അർഥത്തിലും ഈ ഉപതിരഞ്ഞെടുപ്പുകൾ കോൺഗ്രസും യു ഡി എഫും അനാവശ്യമായി വരുത്തിവച്ചതാണ്. കോൺഗ്രസ് എം എൽ എമാരായ കെ സുധാകരനും കെ വി തോമസും കെ സി വേണുഗോപാലും പാർലമെൻറിലേക്ക് മത്സരിച്ച് വിജയിച്ചതിനെ തുടർന്ന് വേണ്ടിവന്നതാണ് ഈ ഉപതിരഞ്ഞെടുപ്പുകൾ. പൊതുഖജനാവിൽ നിന്ന് ലക്ഷങ്ങൾ – കോടികൾ – വെറുതെ ചെലവിടാൻ ഇടയാക്കി ഇവരുടെ പാർലമെൻറ് തിരഞ്ഞെടുപ്പിലെ മത്സരം. കണ്ണൂരും എറണാകുളത്തും ആലപ്പുഴയിലും വേറെ കോൺഗ്രസ് നേതാക്കളില്ലായിരുന്നോ പാർലമെൻറിലേക്ക് മത്സരിക്കാൻ? ശരിക്കും വേണ്ടത് അനാവശ്യമായ ഈ ഉപതിരഞ്ഞെടുപ്പുകൾ വിളിച്ചുവരുത്തിയ ഈ മൂവരിൽ നിന്നോ ഇവരെ ഈവിധം തിരഞ്ഞെടുപ്പിനു നിർത്തിയ കോൺഗ്രസ് പാർട്ടിയിൽ നിന്നോ ഇപ്പോൾ സർക്കാർ ചെലവിടുന്ന തുക മുഴുവൻ ഈടാക്കുകയാണ്. മാത്രമല്ല, മറ്റൊരു തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ മുതിരുന്നവർ നോമിനേഷൻ നൽകും മുമ്പ് തങ്ങളുടെ എം എൽ എ, എം പി സ്ഥാനങ്ങൾ രാജിവയ്ക്കണമെന്ന നിയമവും കൊണ്ടുവരേണ്ടതുണ്ട്. അതുപോലെ ഒരേ സമയം ഒന്നിലധികം നിയോജക മണ്ഡലങ്ങളിൽ ഒരാൾക്കു മത്സരിക്കാമെന്ന സമ്പ്രദായവും അവസാനിപ്പിക്കാൻ വൈകി.

കണ്ണൂരിനു പുറത്തുള്ള ആയിരക്കണക്കിന് മാർക്സിസ്റ്റുകാർ കണ്ണൂരിലേക്കു പൊടുന്നനെ 'താമസം മാറ്റി' അവിടെ വോട്ടർമാരായി മാറിയത്രെ! കാർഷെഡുകളിലും പാർട്ടി ഓഫീസുകളിലും വർഷങ്ങളായി അടഞ്ഞു കിടക്കുന്ന കെട്ടിടങ്ങളിലുമെല്ലാം പുതിയ വോട്ടർമാർ താമസമാക്കിയിരിക്കുന്നു! വ്യാപകമായി കള്ളവോട്ടു ചെയ്യാനുള്ള വിദഗ്ധമായ സി പി എം തന്ത്രം തന്നെ. കണ്ണൂരിലെ രാഷ്ട്രീയ പ്രതിഭകളായ ജയരാജൻമാരും കെ സുധാകരനും എം വി രാഘവനും എല്ലാം കണ്ണൂർ കളരി തന്ത്രങ്ങളുടെ ആശാൻമാരാണ്. സി പി എം, കോൺഗ്രസ്, സി എം പി എന്നീ വ്യത്യസ്ത പാർട്ടികളിലാണെങ്കിലും കണ്ണൂർ കളരിയിൽ പയറ്റിത്തെളിഞ്ഞ ഇവർ ഒന്നിനൊന്നുമെച്ചം. ആര് ആരെ മലർത്തിയടിക്കുമെന്ന് ഒരിക്കലും മുൻകൂട്ടി പറയാൻ കഴിയാത്ത അവസ്ഥ!

എന്തായാലും ഒന്നുതീർച്ച; നമ്മുടെ ജനാധിപത്യം വളരുന്നതനുസരിച്ച് കള്ളവോട്ട് തന്ത്രങ്ങളിലും നല്ല വളർച്ചയുണ്ടാവുന്നുണ്ട്. ഐഡൻറിറ്റി കാർഡ് വരുംമുമ്പ് വിവിധ ബൂത്തുകളിലായി പത്തും പതിനഞ്ചും വോട്ടുകൾ ചെയ്തുപോന്ന വിരുതൻമാരുണ്ട്. ബൂത്തിൽ നിന്ന് വിരലിൽ തൊട്ടുവിടുന്ന 'മായാത്ത മഷി' ഉടനടി മായ്ക്കുന്നതിനുള്ള 'മായ്പു ബൂത്തുകളും' അന്നുണ്ടായിരുന്നു. 1970 കളിൽ മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരും കുറേ കൂടി പിന്നീട് അവരോടൊപ്പം ഉണ്ടുറങ്ങി 'വിജ്ഞരാ'യിത്തീർന്ന എ കെ ആൻറണി കോൺഗ്രസുകാരും കള്ളവോട്ടിൻെറ വിദഗ്ധരായി. ഇതെല്ലാം കണ്ടിട്ടാണ് ലേഖകൻ 'മായാത്ത മഷി' മായുന്നതാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയതും വോട്ടർമാർക്ക് ഐഡൻറിറ്റി കാർഡ് ഏർപ്പെടുത്തണമെന്ന് 'ഇന്ത്യൻ എക്സ്പ്രസിൽ (1984 ജൂൺ 22) എഴുതിയതും. ഇപ്പോൾ കണ്ണൂരിൽ നടക്കാൻ പോകുന്നത് തികച്ചും പുതിയ തന്ത്രം തന്നെ! ചുരുക്കത്തിൽ, ഇടത്തും വലത്തുമുള്ള നമ്മുടെ നേതാക്കൻമാർക്ക് ജനങ്ങളിൽ തീരെ വിശ്വാസമില്ല. കള്ളവോട്ടു ചെയ്യുന്നതിലും ബൂത്ത് പിടിക്കുന്നതിലും ഒക്കെയാണ് അവർക്ക് അചഞ്ചലമായ വിശ്വാസമുള്ളത്. (മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി ചാർജെടുത്ത ടി എൻ ശേഷൻ ആയിടെ ഏഷ്യാനെറ്റിൻെറ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത് തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ പ്രസംഗിക്കവേ പറഞ്ഞു: 'പശ്ചിമബംഗാൾ ഋഗ്വേദമാണ് പ്രാക്ടീസ് ചെയ്യുന്നത്; ബീഹാർ സാമവേദവും...' ശേഷൻ പറഞ്ഞത് എന്താണെന്ന് മനസിലാക്കാൻ വിഷമിച്ച സദസ്യർക്കായി തൊട്ടു പിറകേ വന്നു അദ്ദേഹത്തിൻെറ തന്നെ വിശദീകരണവും: 'ഋഗ്വേദമെന്നാൽ റിഗ്ഗിംഗ് – വ്യാപകമായ കള്ളവോട്ട് ചെയ്യൽ; സാമവേദമെന്നാൽ ബൂത്ത് പിടിച്ചടക്കൽ!'

**ലോഹ്യം പറയാൻ നൂറ്റമ്പതു ലക്ഷം!**

ഒന്നരകോടി രൂപ ചെലവിട്ട് (ചെലവിട്ടത് കോൺഗ്രസ് പാർട്ടിയാണെന്നും കേന്ദ്ര സർക്കാരാണെന്നും രണ്ടഭിപ്രായമുണ്ട്). രാഹുൽ ഗാന്ധിയുടെ ബുള്ളറ്റ് പ്രൂഫ് കാർ എയർഫോഴ്സ് വിമാനത്തിൽ ഇവിടെ എത്തിച്ച്, കേരളത്തിലെ രണ്ടു മൂന്നു കോളജുകളിലെ വിദ്യാർഥിനിവിദ്യാർഥികളെ കണ്ട് ചിരിച്ച്, അല്പം ലോഹ്യം പറഞ്ഞു പോകാൻ ഏർപ്പാടാക്കിയ കോൺഗ്രസിലെ സംഘാടക പ്രതിഭകൾ ലക്ഷ്യമിട്ടത് എന്താണാവോ? ഭാവി പ്രധാനമന്ത്രിയെ കേരളത്തിലെ യുവതലമുറയ്ക്ക് പരിചയപ്പെടുത്തിയതാണോ? ഈവിധം രാഹുൽ ഒരു മിന്നൽ പര്യടനം നടത്തിയാൽ, ഏതാനും കോളജ് വിദ്യാർഥികളോട് ചിരിച്ചും തമാശ പറഞ്ഞും കടന്നുപോയാൽ ജനം വിശേഷിച്ചും യുവതലമുറ, അപ്പാടേ കോൺഗ്രസിൽ ഓടിക്കയറുമെന്നാണോ? രാഹുലിൻെറ ചിരിയിൽ വീണുപോകാൻ പോന്ന വെറും രാഷ്ട്രീയ പച്ചപാവങ്ങളാണോ കേരളത്തിലെ കോളജ് വിദ്യാർഥികൾ? സംശയമുണ്ട്. പക്ഷേ ഒന്നുണ്ട്: 2001 ലെ കേരള തിരഞ്ഞെടുപ്പിൽ കോൺഗ്രസിനും യു ഡി എഫിനും നല്ല വിജയം കിട്ടിയത് സോണിയഗാന്ധി ഇവിടെ വന്ന് മൂന്നോ നാലോ പ്രസംഗങ്ങൾ ചെയ്തതുകൊണ്ടാണെന്ന് പ്രസ്താവനയിറക്കിയ ഗുലാംനബി ആസാദിനെപോലുള്ള സ്തുതിപാഠകർ അങ്ങനെ വിശ്വസിക്കാനിടയുണ്ട്. വിശ്വാസം അവരെ രക്ഷിക്കട്ടെ എന്ന് ആശംസിച്ച് മാറി നിൽക്കാനല്ലേ നാം, പാവം ജനത്തിനു പറ്റൂ?

**പീഡനം പലവക, ആരോഗ്യമന്ത്രിയുടെ വക!**

പാവം ഇടത്തരക്കാരയ രോഗികളെ ഒരു പാഠം പഠിപ്പിച്ചേ താൻ അടങ്ങൂ എന്ന പിടിവാശിയിലാണെന്നു തോന്നുന്നു നമ്മുടെ ആരോഗ്യമന്ത്രി പി കെ ശ്രീമതി. സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് തുടർന്നു നടക്കണമെന്നുള്ളത് ബഹുസഹസ്രം ഇടത്തരക്കാരായ രോഗികളുടെ ആവശ്യമാണ്. ഇടത്തര വരുമാനക്കാരായ ഇവരാണ് മെഡിക്കൽ കോളജ് ഡോക്ടർമാരേ വൈകുന്നേരങ്ങളിൽ വീടുകളിൽചെന്നു കാണുന്നത്. ദശാബ്ദങ്ങളായി കേരളത്തിൽ നിലനിന്നു പോരുന്ന ഈ സമ്പ്രദായം അവസാനിപ്പിച്ചാൽ കഷ്ടത്തിലാകുന്നത് ബ്ലേഡ് നിരക്കുകൾ ചുമത്തുന്ന സ്വകാര്യ സ്പെഷ്യാലിറ്റി ആശുപത്രികളുടെ ഗേറ്റ് കാക്കാൻ പോലും ഭയക്കുന്ന സാധാരണ രോഗികളാണ്. ഇവരെത്തന്നെ ഈവിധം പീഡിപ്പിക്കണോ പാവങ്ങളുടെ പാർട്ടിയെന്ന ലേബലുമായി നടക്കുന്ന മാർക്സിസ്റ്റു പാർട്ടിയുടെ മന്ത്രിയായ പി കെ ശ്രീമതി ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുന്ന സർക്കാർ ഡോക്ടർമാർക്കെതിരായി സർക്കാരിനു നടപടികൾ സ്വീകരിക്കാം. അതിൽ ആരും പ്രതിഷേധിക്കുകയുമില്ല. ഡോക്ടർമാരുടെ ഗവേഷണവും പഠിപ്പിക്കലും കൂടുതൽ ഫലപ്രദമാക്കാനാണത്രെ സ്വകാര്യ പ്രാക്ടീസ് നിരോധനം! ഏറ്റവും ഒടുവിൽ മന്ത്രി പറഞ്ഞിരിക്കുന്നു, മെഡിക്കൽ കോളജാശുപത്രികള ശരിക്കും 'റഫറൽ' ആക്കുമെന്ന്!

> പാവം ഇടത്തരക്കാരയ രോഗികളെ ഒരു പാഠം പഠിപ്പിച്ചേ താൻ അടങ്ങൂ എന്ന പിടിവാശിയിലാണെന്നു തോന്നുന്നു നമ്മുടെ ആരോഗ്യമന്ത്രി പി കെ ശ്രീമതി. സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് തുടർന്നു നടക്കണമെന്നുള്ളത് ബഹുസഹസ്രം ഇടത്തരക്കാരായ രോഗികളുടെ ആവശ്യമാണ്. ഇടത്തര വരുമാനക്കാരായ ഇവരാണ് മെഡിക്കൽ കോളജ് ഡോക്ടർമാരേ വൈകുന്നേരങ്ങളിൽ വീടുകളിൽചെന്നു കാണുന്നത്.

എന്നു പറഞ്ഞാൽ, പ്രാഥമികാരോഗ്യകേന്ദ്ര, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി എന്നിവ വഴിയേ ഒരു രോഗിക്ക് മെഡിക്കൽ കോളജാശുപത്രിയിൽ എത്താവൂ എന്നുതന്നെ. മാത്രമല്ല, 'റഫർ ബാക്ക്' എന്ന സംവിധാനവും വരുത്തുമത്രെ! മെഡിക്കൽ കോളജാശുപത്രിയിലെത്തുന്ന രോഗികളെ തിരിച്ച് താലൂക്കാശുപത്രിയിലേക്കോ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കോ അയയ്ക്കുമെന്നർഥം. ഫയലുകൾ മുകളിലേക്കും താഴേക്കും തട്ടുന്നതുപോലെ, പന്തുതട്ടുമ്പോലേ, അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കേണ്ട നിർജീവ വസ്തുക്കളാണോ രോഗികൾ! ആരോഗ്യമന്ത്രിയെ ഇതിനൊക്കെ ഉപദേശിച്ച് പ്രേരിപ്പിക്കുന്നവർ ഉമ്മൻചാണ്ടിയുടെയോ രമേശ് ചെന്നിത്തലയുടെയോ രഹസ്യ ഏജൻറുമാർ വല്ലവരുമാണോ?

വ്യക്തിപരമായ ഒരനുഭവം ഇവിടെ പറഞ്ഞുകൊള്ളട്ടെ; ചെറിയ ചില ഓപ്പറേഷനുകൾക്ക്, പല കാലത്തായി, ഈ ലേഖകൻ വിധേയനായത് മുഴുവൻ തിരുവനന്തപുരത്തെ മെഡിക്കൽ കോളജ് ആശുപത്രിയിലാണ്. ഏറ്റവും ഒടുവിൽ ഹെർണിയാ ഓപ്പറേഷൻ നടത്തേണ്ടിവന്നു. ഏതാണ്ട് രണ്ടു വർഷം മുമ്പ്. സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഒരു ഡോക്ടറെ വീട്ടിൽ ചെന്നു കാണുകയും അദ്ദേഹത്തിന് നാമമാത്രമായ ഫീസ് നൽകുകയും ഓപ്പറേഷനു മുമ്പും പിമ്പുമായി പന്ത്രണ്ടോളം ദിവസം പേ വാർഡ് മുറിയിൽ കിടക്കുകയും ചെയ്ത എനിക്ക് ആകെ വന്ന ചെലവ് ആറായിരം രൂപയ്ക്കു താഴെയാണ്. ഇത് ഇവിടുത്തെ ഏതെങ്കിലും സ്വകാര്യ സ്പെഷ്യാലിറ്റി ആശുപത്രിയിലായിരുന്നെങ്കിൽ അറുപതിനായിരമോ ഒരു ലക്ഷമോ ആയേനെ. ഇല്ല, അത്രയും ഭീമമായ തുക ചെലവിടാനുള്ള കഴിവ് എനിക്കില്ലതന്നെ. എന്നെപ്പോലുള്ള ബഹുസഹസ്രം സാധാരണക്കാരെ ശരിക്കും പീഡിപ്പിക്കുകയാണ് സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തുന്നതിലൂടെ ഇപ്പോഴത്തെ എൽ ഡി എഫ് സർക്കാർ ചെയ്യുന്നത്. പശ്ചിമബംഗാളിൽ ഈ മരമണ്ടൻ തീരുമാനം – സ്വകാര്യ പ്രാക്ടീസ് നിരോധം – ഏർപ്പെടുത്തി പിന്നീട് വേണ്ടെന്നു വച്ചതായി കേൾക്കുന്നു. നമ്മുടെ മന്ത്രിക്ക് അവിടത്തെ സഖാക്കളോട് ഇക്കാര്യം ശരിയാണോ എന്ന് അന്വേഷിക്കാവുന്നതേയുള്ളൂ.

**വേണോ പത്മവിഭൂഷൺ?**

ഈയിടെ 'ഇന്ത്യൻ എക്സ്പ്രസ്' പ്രസിദ്ധീകരിച്ച ഒരു വാർത്ത; പത്മാ അവാർഡുകൾ തട്ടിയെടുക്കാനുള്ള ശ്രമങ്ങൾ ഡൽഹിയിലുമെത്തി? ഇന്ത്യയിലെ ഏറ്റവും ഉയർന്ന ബഹുമതികളായി കരുതപ്പെടുന്ന പത്മാ അവാർഡുകൾ – പത്മശ്രീ, പത്മവിഭൂഷൺ തുടങ്ങിയ – തരപ്പെടുത്താനും ആളുകൾ ഗോദയിലിറങ്ങിക്കഴിഞ്ഞു എന്നർഥം. കേരളത്തിലെ എം പിമാർ (ഇതിൽ പാർട്ടി വ്യത്യാസമില്ല), കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർ, ഡൽഹിയിലെ 'ഇടനിലക്കാരാ'യ മാധ്യമ പ്രവർത്തകർ – ഇവരെയൊക്കെ വേണ്ടവിധം കണ്ടാൽ (ചാക്കിൽ കയറ്റിയാൽ!) മേൽപ്പറഞ്ഞ അവാർഡുകൾ കിട്ടുമത്രെ! ഉമ്മൻ ചാണ്ടിയും രമേശ് ചെന്നിത്തലയും പത്മാ അവാർഡുകൾക്കായി സോണിയ ഗാന്ധി വഴി തള്ളിക്കയറ്റാൻ ശ്രമിക്കുന്ന പേരുകൾ ഇവിടെ തിരുവനന്തപുരത്തും സംസാര വിഷയമായിരിക്കുന്നു! സംസ്ഥാനതല അവാർഡുകളും സാഹിത്യ അക്കാദമി അവാർഡുകളും ഒക്കെ ഉയർത്തി വിടുന്ന ദുർഗന്ധം കൊണ്ടു പൊറുതിമുട്ടിയ നാമാണ് ഈ പുതിയ ദുർഗന്ധവും ശ്വസിക്കാൻ നിർബദ്ധരായിരിക്കുന്നത്! ഭരണം നടത്തുന്ന പാർട്ടി ഏതായാലും ആ പാർട്ടിയുടെ ശിങ്കിടികൾക്ക് സർക്കാർ അവാർഡുകൾ പങ്കുവച്ചു കൊടുക്കുന്ന ഈ പതിവ് നിർത്താൻ കാലം വൈകി. പാവം ജനത്തിൻെറ നികുതിപ്പണമെടുത്താണ് രാഷ്ട്രീയ പ്രതിഭകൾ ഈ സ്വജനപക്ഷപാതവും അഴിമതിയും നടത്തുന്നത്. സത്യത്തിൽ, സർക്കാർ നൽകിവരുന്ന ഈ പുരസ്കാരങ്ങൾ അപ്പടി നിർത്തുകയാണ് നന്ന്. അത്രയും അഴിമതി ഇവിടെ കുറയും; പൊതുധനത്തിൻെറ ദുർവിനിയോഗവും.

2009 ഒക്ടോബർ 2

# സമൂഹത്തിന് വേണ്ടി ജീവിച്ച ഡോക്ടർ

## ഡോ. വി. രാമൻകുട്ടി

വിശ്വസിക്കാനാവുന്നില്ല. എന്റെ മകന്റെ വിവാഹത്തിന് ക്ഷണിക്കാൻ മൂന്ന് ദിവസം മുമ്പാണ് ഞാൻ സോമൻ സാറിനെ വീട്ടിൽപ്പോയി കണ്ടത്. ചൈനയിൽ പോകുന്നതിനാൽ ഈ മാസം 27 നുള്ള വിവാഹത്തിൽ പങ്കെടുക്കാൻ കഴിയില്ലെന്ന് വിഷമത്തോടെയാണ് സാർ പറഞ്ഞത്. വളരെ ഊർജജസ്വലതയോടെയാണ് സാർ സംസാരിച്ചത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബയോ കെമിസ്ട്രി അദ്ധ്യാപകനെന്ന നിലയിലാണ് സാറിനെ ആദ്യം പരിചയപ്പെടുന്നത്. ഞാൻ സാറിന്റെ വിദ്യാർത്ഥിയായിരുന്നു. ഏവർക്കും പ്രിയങ്കരനായിരുന്നു അദ്ദേഹം. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യമായി ന്യൂട്രിഷ്യൻ ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചത് സോമൻ സാറാണ്. എനിക്കോർമ്മയുണ്ട്... മാനസിക വിഷമത്തിൽ മുങ്ങിത്താണ എത്രയോ വിദ്യാർത്ഥികളെ അദ്ദേഹം സജീവമായ ജീവിതത്തിലേക്ക് തിരികെ കൊണ്ടു വന്നിരിക്കുന്നു. നല്ലൊരു കൗൺസലർ കൂടിയായിരുന്നു സോമൻസാർ.

ആയിടെയ്ക്ക് നടന്ന വിദ്യാർത്ഥി സമരം സാറിനെ വല്ലാതെ ഉലച്ചുവെന്ന് തോന്നുന്നു. അങ്ങനെയാണ് ഹൈദരാബാദിൽ ന്യൂട്രീഷ്യൻ കോഴ്സ് പഠിക്കാൻ പോകുന്നത്. തിരികെ വന്ന സാർ പാവപ്പെട്ട കുട്ടികളിലെ പോഷകാഹാര ന്യൂനത പരിഹരിക്കാനാണ് ശ്രമിച്ചത്. എല്ലാ ഞായറാഴ്ചയും സാർ ഞങ്ങളുടെ ഒരു ടീമിനേയും കൂട്ടി പുല്ലുവിളയിൽ പോകുമായിരുന്നു. നോർവീജിയൻ ഫിഷ് പൗഡർ ആ കുട്ടികൾക്ക് കൊടുക്കും. വിദേശ സഹായത്തെ അധികം ആശ്രയിക്കുന്നതിനോട് സാറിന് യോജിപ്പില്ലായിരുന്നു. അങ്ങനെയാണ് ഹെൽത്ത് ബൈ പീപ്പിൾ എന്നൊരു സൊസൈററിക്കു രൂപം നൽകിയത്. പ്രോഹെൽത്ത് എന്നൊരു ലാബും തുടങ്ങി. അതാദ്യം പേട്ടയിലായിരുന്നു. പിന്നീട് ഉള്ളൂരിലേക്ക് മാററി. ലാബുകളുടെ പതിവ് നടത്തിപ്പ് രീതികൾക്ക് സാറെതിരായിരുന്നു. ഡോക്ടർമാർക്ക് കമ്മീഷൻ നൽകിക്കൊണ്ട് ലാബ് നടത്തില്ലെന്ന് സാർ ആദ്യമേ പറഞ്ഞിരുന്നു. പരിശോധനകൾക്ക് തുച്ഛമായ പണമേ വാങ്ങിയിരുന്നുള്ളു. പാവപ്പെട്ട രോഗികളാണ് ലാബിനെ ഏററവും ആശ്രയിച്ചത്. പലപ്പോഴും സാർ കൈയിൽ നിന്ന് തന്നെ പണമിട്ടു. മെഡിക്കൽ രംഗത്തെ അനാശാസ്യകരമായ പ്രവണതകൾക്കെതിരെയാണ് സോമൻ സാർ എന്നും സംസാരിച്ചിരുന്നത്. എന്നോട് ഒരു പ്രത്യേക വാത്സല്യമായിരുന്നു. ഒരു പക്ഷേ



അച്ചരനോടുള്ള (മുൻ മുഖ്യമന്ത്രി സി. അച്ചുതമേനോൻ) അടുപ്പവും ഒരു കാരണമായിരുന്നിരിക്കാം. ഉള്ള് തുറന്ന് സംസാരിക്കുമായിരുന്നു. കൂടെ പഠിച്ച് ഒരുമിച്ച് ബയോ കെമിസ്ട്രി അദ്ധ്യാപികയായി മാറിയ ഏലിയാമ്മയെയാണ് സാർ വിവാഹം കഴിച്ചത്.കല്യാണത്തിന് മാലയെടുത്ത് നൽകാൻ സാറിനെ പഠിപ്പിച്ച സുകുമാരൻ സാറാണ് വന്നതെന്ന് വലിയ ആഹ്ളാദത്തോടെ എന്നോട് എപ്പോഴും പറയുമായിരുന്നു. സുകുമാരൻ സാറിനെ വലിയ ഇഷ്ടമായിരുന്നു. സോമൻ സാറിന്റെ രണ്ട് മക്കളിൽ ഒരാൾ കിംഗ് ഫിഷറിലും രണ്ടാമൻ ദുബായിലുമാണ്.

65–ാമത്തെ വയസ്സിൽ ഒരു ടെസ്ററ് നടത്തിയപ്പോൾ സാറിന് കൊളസ്ട്രോളുണ്ടെന്ന് കണ്ടെത്തിയിരുന്നു. പ്രായം ഇത്രയുമൊക്കെയായില്ലേ ഇനി മരുന്നൊന്നും കഴിക്കാൻ വയ്യെന്നും സാർ അന്ന് പറഞ്ഞിരുന്നു.

എപ്പോഴാണെങ്കിലും ഒരാശ്രയം പോലെചെന്ന് ചാരി നിൽക്കാനാവുന്ന തണൽ മരമായിരുന്നു സോമൻസാർ. അങ്ങനെയൊരാൾ ഇനി ഇല്ലെന്ന് എനിക്ക് വിശ്വസിക്കാനാവുന്നില്ല.. സമൂഹത്തിന് വേണ്ടി ജീവിച്ച ഡോക്ടർ എന്ന നിലയിൽ സാർ എന്നും ഓർമ്മിക്കപ്പെടുമെന്ന് എനിക്കുറപ്പാണ്.